**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംരക്ഷണത്തിലുള്ള റോഡുകളിൽ കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിച്ച് ചെയിനേജ് രേഖപ്പെടുത്തൽ – മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡി.എ)വകുപ്പ്**

സ.ഉ.(സാധാ)നമ്പർ. 165/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 16–01–2010

പരാമർശം: തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26.05.2008–ലെ ഡി.ബി.1/ 90/08/സി.ഇ./തസ്വഭവ നമ്പർ കത്ത്

## ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംരക്ഷണത്തിലുള്ള റോഡുകളെ തിരിച്ചറിയുന്നതിന് പേര് സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതിനും കൃത്യമായ ദൂരം കാണിക്കുന്ന കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് അക്കൗണ്ടന്റ് ജനറൽ (കേരളം) സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

1. എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്തുകളും നഗരസഭകളും അതത് സ്ഥാപനങ്ങളുടെ സംരക്ഷണത്തിലുള്ള റോഡുകളിൽ റോഡിന്റെ സംരക്ഷണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര്, റോഡിന്റെ പേര്, ദൂരം, കടന്നു പോകുന്ന പ്രധാന സ്ഥലങ്ങൾ എന്നിവ രേഖപ്പെടുത്തിയ ബോർഡും കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകളും സ്ഥാപിക്കേണ്ടതാണ്. രണ്ട് കിലോമീറ്റർ കല്ലുകൾക്കിടയിൽ ഓരോ 200 മീറ്റർ ദൂരത്തെയും വ്യക്തമാക്കുന്നതിനാണ് ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കേണ്ടത്. മൂന്ന് മീറ്ററിൽ കൂടുതൽ വീതിയുള്ള എല്ലാ റോഡുകളിലും ബോർഡും കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകളും സ്ഥാപിക്കേണ്ടതാണ്. ലൈനുകളിൽ സ്ഥാപിക്കേണ്ടതില്ല.

2. ബ്ലോക്ക് പഞ്ചായത്തുകൾക്ക് റോഡുകളുടെ സംരക്ഷണ ചുമതലയില്ല. ജില്ലാ പഞ്ചായത്തുകൾക്ക് മറ്റ് ജില്ലാ റോഡുകളുടെയും (ODR), പി.എം.ജി.എസ്.വൈ റോഡുകളുടെയും സംരക്ഷണ ചുമതല മാത്രമാണുള്ളത്. ദേശീയ പാതകൾ, സംസ്ഥാന പാതകൾ, മേജർ ജില്ലാ റോഡുകൾ (MDR), മറ്റ് ജില്ലാ റോഡുകൾ (ODR), പി.എം.ജി.എസ്.വൈ റോഡുകൾ എന്നിവ ഒഴികെയുള്ള എല്ലാ റോഡുകളുടെയും സംരക്ഷണ ചുമതല ഗ്രാമപ്രദേശങ്ങളിൽ ഗ്രാമ പഞ്ചായത്തുകൾക്കും നഗര പ്രദേശങ്ങളിൽ നഗരസഭകൾക്കുമാണ്. ബോർഡുകളും കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകളും സ്ഥാപിക്കുമ്പോൾ ഇക്കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3. റോഡിന്റെ ആരംഭ സ്ഥാനത്താണ് (zero chainnage) ബോർഡ് സ്ഥാപിക്കേണ്ടത്. കിലോമീറ്റർ കല്ലുകളുടെ ടൈപ്പ് ഡിസൈൻ ഈ സർക്കുലറിന്റെ അനുബന്ധമായി നൽകിയിട്ടുണ്ട്. കല്ലുകൾ സ്ഥാപിക്കുമ്പോൾ ടൈപ്പ് ഡിസൈനിൽ പ്രത്യേകം അടയാളപ്പെടുത്തിയിട്ടുള്ള ഭാഗത്ത് ഗ്രാമപഞ്ചായത്തുകളുടെ റോഡുകൾക്ക് പച്ച നിറവും ജില്ലാ പഞ്ചായത്തുകളുടെ റോഡുകൾക്ക് മഞ്ഞ നിറവും നഗരസഭകളുടെ റോഡുകൾക്ക് നീല നിറവും രേഖപ്പെടുത്തണം. മലയാളത്തിലായിരിക്കണം കല്ലുകളിൽ വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്. ഹെക്ടോമീറ്റർ കല്ലുകളെ

സംബന്ധിച്ചിടത്തോളം പൊതുമരാമത്ത് വകുപ്പിൽ സ്വീകരിച്ചു വരുന്ന അതേ ഡിസൈൻ തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളും അവലംബിക്കേണ്ടതാണ്. രണ്ട് കിലോമീറ്റർ കല്ലുകൾക്കിടയിൽ നാല് ഹെക്ടോമീറ്റർ കല്ലുകളാണ് സ്ഥാപിക്കേണ്ടത്. ഒരു കിലോമീറ്റർ കല്ലിനെ തുടർന്നുള്ള ആദ്യ 200 മീറ്ററിനെ സൂചിപ്പിക്കുന്ന ഹെക്ടോമീറ്റർ കല്ലിൽ 200/1000 എന്നും രണ്ടാമത്തെ ഹെക്ടോമീറ്റർ കല്ലിൽ 400/1000 എന്നും തുടർന്നുള്ള രണ്ട് കല്ലുകൾക്ക് 600/1000, 800/1000 എന്നും രേഖപ്പെടുത്തണം.

4. കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിക്കുന്നതിന് വേണ്ട ചെലവുകൾക്ക് വികസന, റോഡ് മെയിന്റനൻസ്, തനത്, ജനറൽ പർപ്പസ് ഫണ്ടുകൾ വിനിയോഗിക്കാവുന്നതാണ്. 2009–10–ൽ ഇതിനാവശ്യമായ തുക കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ 2010–11 വാർഷിക പദ്ധതിയിൽ വിഹിതം കണ്ടെത്തി നിർബന്ധമായും പ്രോജക്ട് ഏറ്റെടുക്കേണ്ടതാണ്.

5. 2010–11 വാർഷിക പദ്ധതി മുതൽ റോഡുകളുടെ സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ റോഡുകളിലെ ചെയിനേജിന്റെ അടിസ്ഥാനത്തിലായിരിക്കണം പ്രോജക്ടുകൾ നിർദ്ദേശിക്കേണ്ടത്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ


1 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
7 സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്
8 പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജവകുപ്പ്
9 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
10 പഞ്ചായത്ത് ഡയറക്ടർ
11 ഗ്രാമവികസന കമ്മീഷണർ
12 നഗരകാര്യ ഡയറക്ടർ
13 മുഖ്യ നഗരാസൂത്രകൻ
14 ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
15 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
16 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
17 ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതിബോർഡ്
18 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
20 എല്ലാ ടെക്നിക്കൽ അഡ്വൈസറിഗ്രൂപ്പ് ചെയർമാൻമാർക്കും കൺവീനർ മാർക്കും
21 എല്ലാ ജില്ലാ ആസൂത്രണസമിതി മെമ്പർസെക്രട്ടറി(ജില്ലാ കളക്ടർമാർ)മാർക്കും
22 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
23 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
24 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
25 നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
26 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
27 സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
28 ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ

29 സെക്രട്ടറി കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംമ്പർ
31 സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംമ്പർ
32 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
33 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ്:–


1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ

## TYPE DESIGN FOR ORDINARY KILOMETER STONE





ഗ്രാമപഞ്ചായത്ത്

# TYPE DESIGN FOR ORDINARY KILOMETER STONE




**ജില്ലാപഞ്ചായത്ത്**

# TYPE DESIGN FOR ORDINARY KILOMETER STONE




**കോർപ്പറേഷൻ/മുനിസിപ്പാലിറ്റി**